DEV/ACD/FMT 019/R0

# ദേവമാത സി.എം.ഐ. പബ്ലിക് സ്കൂൾ

## വാർഷിക പരീക്ഷ 2017 - 2018

## മലയാളം

**Std. III**

Time : 2 h.
Marks : 50

എ - വിഭാഗം - വായന

I താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നല്കുക :

കേരളീയകലകൾ സംരക്ഷിക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി മഹാകവി വള്ളത്തോൾ നാരായണമേനോൻ സ്ഥാപിച്ചതാണ് കേരളകലാമണ്ഡലം. തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. 1930 നവംബർ 9 –നാണ് കലാമണ്ഡലം പ്രവർത്തനം തുടങ്ങിയത്. മണക്കുളം മുകുന്ദരാജാവിന്റെ സഹായത്തോടെ മഹാകവി ആരംഭിച്ച ഈ സ്ഥാപനം ഇപ്പോൾ കേരളസർക്കാരിന്റെ കീഴിലാണ്. കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ, ചാക്യാർകൂത്ത്, പഞ്ചവാദ്യം തുടങ്ങിയ കലകൾ ഇവിടെ അഭ്യസിപ്പിക്കുന്നു. കേരളകലാമണ്ഡലം ഇപ്പോൾ കല്പിത സർവകലാശാലയാണ്.

ചോദ്യങ്ങൾ : (1 x5 =5)

1. കേരളകലാമണ്ഡലത്തിന്റെ സ്ഥാപകൻ ആര്?
2. കലാമണ്ഡലം സ്ഥിതി ചെയ്യുന്നതെവിടെ?
3. കേരളകലാമണ്ഡലം പ്രവർത്തനം തുടങ്ങിയത് എന്നാണ്?
4. ആരുടെ സഹായത്തോടുകൂടിയാണ് മഹാകവി കലാമണ്ഡലം ആരംഭിച്ചത്?
5. കലാമണ്ഡലത്തിൽ അഭ്യസിപ്പിക്കുന്ന ഏതെങ്കിലും രണ്ട് കലകളുടെ പേരെഴുതുക.

II താഴെ തന്നിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

*ഓടി വാ, ഓടി വാ, പൂനിലാവേ!*
*ഓമനക്കുഞ്ഞിന്റെ മുന്നിൽ വാ നീ.*
*പിഞ്ചുകൈ നീട്ടിക്കുതുകത്തോടെ*
*കൊഞ്ചി വിളിക്കുന്നു പൈതൽ നിന്നെ*
*അമ്പിളിത്തേർ വിട്ടിറങ്ങി വാ നീ*
*അക്കൊണ്ടൽ ആനമേൽ ഏറി വാ നീ.*
*പാരതിൽ വന്നു കളിക്കുന്നേരം*
*പാലും പഴവും തരുന്നതുണ്ട്.*
*വിണ്ണിൽ നിന്നമ്പിളിക്കൊച്ചമ്മാമൻ*
*കണ്ണാടിയൊന്നു കൊടുത്തയയ്ക്കും.*
*തുമ്പപ്പൂ കണ്ടിട്ടു തുല്ലു ചൊല്ലും*
*തൂവാലയിങ്ങു കൊടുത്തയയ്ക്കും*
*ഓടി വാ, ഓടി വാ, പൂനിലാവേ!*
*ഓമനക്കുഞ്ഞിന്റെ മുന്നിൽ വാ നീ.*

ചോദ്യങ്ങൾ : (1 x5 =5)

1. കവിതയ്ക്ക് ഉചിതമായ തലക്കെട്ട് നല്കുക.
2. ഓമനക്കുഞ്ഞിന്റെ മുന്നിലേക്ക് ഓടിവരാൻ പറയുന്നത് ആരോടാണ്?
3. പാരിൽ വന്നു കളിക്കുമ്പോൾ എന്തെല്ലാം നല്കാമെന്നാണ് കുഞ്ഞ് പറയുന്നത്?
4. വിണ്ണിൽ നിന്ന് അമ്പിളിമാമൻ കുഞ്ഞിനു വേണ്ടി എന്താണ് കൊടുത്തയയ്ക്കുന്നത്?
5. ഏതു പൂവിനെക്കുറിച്ചാണ് ഈ കവിതയിൽ പറയുന്നത്?

## ബി – വിഭാഗം – എഴുത്ത്

I 1. കുറിപ്പ് തയ്യാറാക്കുക: 'മഹാത്മാ ഗാന്ധി' (5x2=10)

2. അഞ്ച് ശൈലി എഴുതുക.

## സി – വിഭാഗം – വ്യാകരണം

I പിരിച്ചെഴുതുക : (½x2=1)

1) വിശപ്പടക്കി 2) എണ്ണിക്കൊടുത്തു

II ചേർത്തെഴുതുക : (½x2=1)

1) കൊത്തി + ഇറക്കണം

2) ഭാരം + ഉള്ള

III കൂട്ടത്തിൽ ചേരാത്ത പദം കണ്ടെത്തുക : (½x4=2)

1) കുയിൽ, മയൂരം, കോകിലം

2) വന്നങ്ങ, മത്തങ്ങ, നാളികേരം

3) മാരി, മഴ, മഞ്ഞ്

4) നിശ, മേനി, ശരീരം

IV ചേരുംപടി ചേർക്കുക: (½x4=2)

| എ | ബി |
|---|---|
| 1. കൊച്ചമ്മിണിയും കൂട്ടുകാരും | നാടൻപാട്ട് |
| 2. കണ്ണന്റെ ലീലകൾ | ചങ്ങമ്പുഴ |
| 3. ചീരപ്പാട്ട് | പി. കുഞ്ഞിരാമൻനായർ |
| 4. വസന്തം വന്നു.... | ചെറുശ്ശേരി |

V ശരിയായ പദം തിരഞ്ഞെടുത്ത് എഴുതുക : (½x4=2)

1) പണ്ടിതൻ - പണ്ഡിതൻ

2) ചെഞ്ചീര - ചെഞ്ജീര

3) മാകന്തം - മാകന്ദം

4) കഥിക്കുക - കദിക്കുക

VI ശരിയോ തെറ്റോ എന്നെഴുതുക: (½x4=2)

1. കപിലഗുരുവിന്റെ ശിഷ്യനായ ദേവാനന്ദൻ സൂത്രശാലിയായിരുന്നു.

2. രാജാവ് പണികഴിപ്പിച്ചത് വെള്ളിക്കിരീടമായിരുന്നു.

3. പൊന്തൻ തവളയാണ് പുഴയിൽ ഊളിയിട്ടത്.

4. ദീപമാകണമെങ്കിൽ സ്നേഹത്തിന്റെ തൈലം പൂശണം.

VII ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് പൂരിപ്പിക്കുക : (½ x 4=2)

(മൂപ്പ്, പ്രാർത്ഥന, മായം, വിഷമവും)

1. സൂത്രകന് അസൂയയും --------------------- തോന്നി.

2. ------------------ കലർന്നിട്ടുണ്ടെന്ന് പറഞ്ഞാൽ പണിതവന്റെ ജീവൻ പോകും.

3. കായ കറി വെക്കാൻ കൊള്ളാം. പക്ഷേ പഴത്തിനാണെങ്കിൽ------------- കുറവാണ്.

4. പത്തു വർഷമാണ് -------------- തുടർന്നത്.

**ഡി - വിഭാഗം - ഗ്രഹണം**

I പദ്യം ക്രമം തെറ്റാതെ പൂരിപ്പിക്കുക : (4 വരി) (2x 1=2)

മാരി ------------------

---------------------- കൂട്ടും തിണ്ണം.

II അർത്ഥം എഴുതുക: (½ x 4=2)

1. അളകം 2. തിടിൽ 3. വെണ്ണീറ് 4. വസിക്കുക

III വിപരീത പദമെഴുതുക : (½ x 2=1)

1. ആശ 2. പുരോഗമനം

IV പര്യായമെഴുതുക: (1 x 3=3)

1. വെള്ളം 2. സുഹൃത്ത് 3. പുഞ്ചിരി

V നാനാർത്ഥമെഴുതുക: (1x2=2)

1. കോടി 2. ഉത്തരം

VI വിഗ്രഹിച്ചെഴുതുക : (½ x 2=1)

1. പിലാവില 2. വാഴപ്പഴം

VII എതിർലിംഗം എഴുതുക: (½x1=½)

1. സമ്പന്നൻ

VIII ഒറ്റപ്പദം എഴുതുക: (½x1=½)

1. ജലത്തിന്റെ നിരപ്പ്

IX വാക്യത്തിൽ പ്രയോഗിക്കുക : (1x1=1)

1. വാ തോരാതെ

X ഉത്തരമെഴുതുക :

1. കർഷകൻ തൃപ്തനാവാൻ കാരണമെന്ത്? (1)
2. ശില്പികൾ സമ്മാനമായി നല്കിയതെന്ത്? (1)
3. കൊച്ചമ്മിണി എന്താണ് പുലമ്പിയത്? (1)
4. പുഴക്കരയിൽ കുളിക്കാൻ എത്തുന്നത് ആരെല്ലാം? (2)

****